"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ശ്രീമതി. ശകുന്തള ചെറുകാട്ടിൽ വീട്, പിലാക്കാവ്, പഞ്ചാരക്കൊല്ലി എന്നവരെ അപകട സാധ്യതയുള്ള സ്ഥലത്തു നിന്നു മാറ്റി പാർപ്പിക്കുന്നതിനായി ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

സ.ഉ.(സാധാ) നം.2463/2024/RD തീയതി,തിരുവനന്തപുരം, 14-10-2024

---

പരാമർശം:- സ.ഉ. (കൈ) നം. 405/2024/ദു.നി.വ., തീയതി, 21.05.2024.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ ശ്രീമതി. ശകുന്തള ചെറുകാട്ടിൽ വീട്, പിലാക്കാവ്, പഞ്ചാരക്കൊല്ലി എന്നവരുടെ വീട് അപകട സാധ്യതാ മേഖലയിലായതിനാലും 25 വർഷം പഴക്കമുള്ള വീട് ചുമരുകളിൽ പലയിടങ്ങളിലും വിള്ളൽ ഉള്ളതിനാൽ നിലവിൽ അപകടകരമായ അവസ്ഥ നിലനിന്നിരുന്നതിനാലും ശ്രീമതി. ശകുന്തളയെ സ്ഥിരമായി മാറ്റി താമസിപ്പിക്കുന്നതിനായി ഭൂമി വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 6 ലക്ഷം രൂപയും പ്രസ്തുത ഭൂമിയിൽ വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയും (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിഹിതം 2,70,000/- രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതം 1,30,000/- രൂപയും) ചേർത്ത് ആകെ **8,70,000/-** (എട്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ശകുന്തള എന്നവരെ സ്ഥിരമായി മാറ്റി താമസിപ്പിക്കുന്നതിനായി ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും പ്രസ്തുത ഭൂമിയിൽ വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി വിഹിതം 1,30,000/- രൂപ കിഴിച്ച് 2,70,000/- രൂപയും ചേർത്ത് ആകെ **8,70,000/-** രൂപ (എട്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **8,70,000/-** രൂപ (**എട്ട് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ ശ്രീമതി. ശകുന്തളക്ക് തുക വിതരണം

ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ പി എൻ
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, വയനാട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള തിരവനന്തപുരം)
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Signed by
Apsara T T
Date: 14-10-2024 10:27:56
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.ക്ക്
റവന്യൂ (ഡി.ആർ.എഫ്. എ/ബി വകുപ്പുകൾക്ക്)